**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 273** **10-06-2024 - ൽ മറുപടിയ്ക്ക്**

**വാക്സിനുകളുടെ ഗവേഷണവും നിർമാണവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശീയമായി ഓറൽ റാബിസ് വാക്സിൻ വികസിപ്പിക്കുമെന്ന മുൻ വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിന്റെ നിലവിലത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി, കേരള വെറ്റിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, മൃഗസംരക്ഷണ വകുപ്പ് എന്നിവരുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് 'ഓറൽ റാബീസ് വാക്സിൻ' പ്രൊജക്റ്റ് വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.<br><br>ടി പദ്ധതിക്ക് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ തത്വത്തിലുള്ള അനുമതി നല്കിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി പദ്ധതിയുടെ ലീഡ് സെന്ററായി പ്രവർത്തിക്കും. കേരള വെറ്റിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ബയോ സയൻസ് റിസർച്ച് സെന്ററും മണ്ണുത്തിയിലെയും പൂക്കോടിലെയും വെറ്റിനറി കോളേജുകളും മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഡിസീസസും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആൻഡ് വെറ്റിനറി ബയോളജിക്കൽസുമാണ് ഈ പ്രൊജക്റ്റിലെ മറ്റ് സെന്ററുകൾ.<br><br>2024-25 സാമ്പത്തികവർഷത്തിൽ ടി പദ്ധതിക്ക് വേണ്ടി ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. പുതിയ ബജറ്റ് ശീർഷകവും അധികധനാനുമതിയും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>നാളിതുവരെ പ്രസ്തുത പദ്ധതിക്കായി തുക അനുവദിക്കുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിക്കായി ആകെ എത്ര തുക നീക്കി വച്ചിരുന്നു; അതിൽ എത്ര തുക ചെലവഴിച്ചു: ഏതെല്ലാം ഇനത്തിലാണ് ചെലവ് വന്നിട്ടുള്ളത് എന്നിവ വ്യക്തമാക്കുമോ; | (ബി) | ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി, കേരള വെറ്റിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റി, മൃഗസംരക്ഷണ വകുപ്പ് എന്നിവരുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് 'ഓറൽ റാബീസ് വാക്സിൻ' പ്രൊജക്റ്റ് വികസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | ടി പദ്ധതിക്ക് വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ തത്വത്തിലുള്ള അനുമതി നല്കിയിട്ടുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി പദ്ധതിയുടെ ലീഡ് സെന്ററായി പ്രവർത്തിക്കും. കേരള വെറ്റിനറി ആൻഡ് അനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ബയോ സയൻസ് റിസർച്ച് സെന്ററും മണ്ണുത്തിയിലെയും പൂക്കോടിലെയും വെറ്റിനറി കോളേജുകളും മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഡിസീസസും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അനിമൽ ഹെൽത്ത് ആൻഡ് വെറ്റിനറി ബയോളജിക്കൽസുമാണ് ഈ പ്രൊജക്ടുലെ മറ്റ് സെന്ററുകൾ.<br><br>2024-25 സാമ്പത്തികവർഷത്തിൽ ടി പദ്ധതിക്ക് വേണ്ടി ബജറ്റിൽ തുക വകയിരുത്തിയിട്ടില്ല. പുതിയ ബജറ്റ് ശീർഷകവും അധികധനാനുമതിയും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>നാളിതുവരെ പ്രസ്തുത പദ്ധതിക്കായി തുക അനുവദിക്കുകയോ ചെലവഴിക്കുകയോ ചെയ്തിട്ടില്ല. |
| (സി) | കോവിഡ് വാക്സിൻ നിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാനം സ്വീകരിച്ച നടപടികളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; ഇതിനായി തുക ചെലവഴിച്ചിട്ടുണ്ടോ; ഇതിനായി രൂപീകരിച്ച വിദഗ്ധ സമിതി നിലവിൽ പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (സി) | ബാധകമല്ല |
| (ഡി) | സ്വന്തം നിലയ്ക്ക് വാക്സിനുകളുടെ ഗവേഷണവും നിർമാണവും നടത്താനുള്ള സംസ്ഥാനത്തിന്റെ ശ്രമങ്ങൾ എത്രത്തോളം വിജയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) | ബാധകമല്ല |

സെക്ഷൻ ഓഫീസർ